പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1572 **01-07-2026-ൽ മറുപടിയ്ക്ക്**

കടയ്ക്കൽ താലൂക്ക് ആശുപത്രിയുടെ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ കടയ്ക്കൽ താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ബഹു നില കെട്ടിടങ്ങളുടെ (B+G+6 G+2) ഫൈനൽ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം stuctural design ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ആറ് ബെഡുകളുള്ള പീഡിയാട്രിക് ഐ.സി.യു., ലക്ഷ്യ നിലവാരമുള്ള ഗൈനക് OT എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

കടയ്ക്കൽ താലൂക്കാശുപത്രിയിൽ ജനറൽ ഒ.പി, 24 മണിക്കൂർ പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലേബർ റൂം, ജനറൽ ഓപ്പറേഷൻ തീയേറ്റർ ലബോറട്ടറി, ഫാർമസി എന്നിവ പ്രവർത്തിക്കുന്നു. ടി ആശുപത്രിയിൽ 11 കിടക്കകളിലായി, 4 ഷിഫ്റ്റുകളിൽ ഡയാലിസിസ് നടത്തി വരുന്നു. നിലവിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, അനസ്തേഷ്യോളജി, ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ ആധുനിക ഉപകരണങ്ങളോടെ ഫിസിയോതെറാപ്പി യൂണിറ്റ്, സെക്കന്ററി പാലിയേറ്റീവ് വാർഡ് എന്നിവ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിന് ദേശീയ അംഗീകാരമായ NQAS ലഭിക്കുകയും അതിന് ആനുപാതികമായ നിലവാരത്തിലുള്ള രോഗീപരിചരണം ലഭ്യമാക്കുകയും ചെയ്തു വരുന്നു. ഇവിടെ ലക്ഷ്യ ബിൽഡിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ലക്ഷ്യ തീയേറ്റർ ഉടനെ പ്രവർത്തന സജ്ജമാകുന്നതാണ്. ഇവിടെ രോഗികളുടെ സുഗമമായ സഞ്ചാരത്തിനായി ലിഫ്റ്റ് പ്രവർത്തിക്കുന്നു. ആയതിനു പുറമെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് റാമ്പ് നിർമ്മാണം പൂർത്തിയായി വരുന്നു.

(ബി) കടയ്ക്കൽ താലൂക്ക് ആശുപത്രിയുടെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി ആശുപത്രിയുടെ സമീപത്ത് തന്നെയുള്ള 22 സെന്റ് റവന്യൂ ഭൂമി ആരോഗ്യവകുപ്പിന് വിട്ട് നൽകാൻ ഉത്തരവ് ആയിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: ഉണ്ട്. കടയ്ക്കൽ താലൂക്കാശുപത്രിയുടെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി 19.05.2023 ലെ കൊല്ലം ജില്ലാകളക്ടറുടെ DCKLM/2059/2023-L3 നമ്പർ നടപടിക്രമ പ്രകാരം 22 സെന്റ് (8.90 ആർസ്) റവന്യൂ ഭൂമി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ചടയമംഗലം മണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ചികിത്സയ്ക്കായി എത്തിച്ചേരുന്ന കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: ഉണ്ട്. സ.ഉ(കൈ) നം.436/2025/H&FWD തീയതി 23.12.2025 പ്രകാരം കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ-1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)-1, എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

IPHS മാനദണ്ഡം അനുസരിച്ച് രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവന കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ്പ് അനാലിസിസ് നടത്തി വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ എൻ.എച്ച്.എം., എച്ച്.എം.സി., ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് എന്നിവ മുഖേനയുള്ള താൽക്കാലിക ജീവനക്കാരുടെ സേവനവും ഈ ആശുപത്രിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ